"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-12-08-2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ- കൊട്ടാരക്കാര ബ്ലോക്ക് പഞ്ചായത്ത് - പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റിന് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.1713/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 23/09/2020**

പരാമർശം:- 1 സ.ഉ.(സാധാ) നം.387/2018/ത.സ്വ.ഭ.വ തീയതി 08.02.2018

2 കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.08.2020-ലെ കത്ത്

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 12-08-2020-ലെ യോഗത്തിലെ 4.62-ാം നമ്പർ തീരുമാനം

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം ആദ്യത്തെ ഒരു വർഷത്തേക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകിയിരുന്നതനുസരിച്ച് കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റിനായി 2019-20-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ₹2,06,000/- ക്ലീൻ കേരളം കമ്പനിയ്ക്ക് നൽകിയിരുന്നു. നിലവിലെ സാഹചര്യത്തിൽ സംഭരിച്ചിരിക്കുന്ന മാലിന്യം സംസ്കരിച്ച് വിപണനം നടത്താൻ കഴിയാത്തതിനാലും വരവിനേക്കാൾ ചെലവ് അധികമാകുമെന്നതിനാലും ഈ വർഷം കൂടി ക്ലീൻ കേരള കമ്പനിയ്ക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകി ഷ്രഡിംഗ് യൂണിറ്റ് പ്രവർത്തിപ്പിക്കാൻ അനുമതി നൽകണമെന്ന് പരാമർശം (2) കത്ത് മുഖേന ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി പരിഗണിക്കുകയും ഒരു വർഷം വയബിലിറ്റി ഗ്യാപ്പ് ഫണ്ടായി നൽകാൻ പരാമർശം (1) ഉത്തരവ് പ്രകാരം അനുമതി നൽകിയ തുകയുടെ ആനുപാതിക തുക 2020 ആഗസ്റ്റ് മുതൽ 2020 ഡിസംബർ 31 വരെ നല്കാൻ പരാമർശം (3) പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിലെ പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റിന്റെ പ്രവർത്തനത്തിന് പരാമർശം (1) ഉത്തരവ് പ്രകാരം അനുമതി നൽകിയ തുകയ്ക്ക് ആനുപാതികമായ തുക 2020 ആഗസ്റ്റ് മുതൽ കണക്കാക്കി 2020 ഡിസംബർ 31 വരെ വയബിലിറ്റി ഗ്യാപ്പ് ഫണ്ടായി നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYASREE P N

**അണ്ടർ സെക്രട്ടറി**

പകർപ്പ്

പ്രസിഡണ്ട്/സെക്രട്ടറി. കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത്, കൊല്ലം

ജില്ലാ പ്ലാനിംഗ് ഓഫീസർ.കൊല്ലം

ഗ്രാമ വികസന കമ്മീഷണർ.തിരുവനന്തപുരം

ചെയർമാൻ. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ& പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.09.28 13:26:41 IST
Reason: Approved
സെക്ഷൻ ഓഫീസർ